# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കതിരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1413/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 13/11/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കതിരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1413/2025 തീയ്യതി: 13/11/2025

## കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-09-2024 മുതൽ 10-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സി.വി. ജ്യോതിഷ് കുമാർ | ഡെപ്യൂട്ടി ഡയരക്ടർ | 11-08-2025 | 20-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-08-2025 | 20-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ വിനീത് കുമാർ കെ.പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമ എ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിജില ടി, ഓഡിറ്റർ

ശ്രീ സജാദ് എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സനിൽ പി.പി., | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി സുനിത കെ. | സെക്രട്ടറി | 01-04-2024 | 04-09-2024 |
| ശ്രീ നിഷാന്ത് എം.കെ., അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-09-2024 | 22-09-2024 |
| ശ്രീ സുഗതൻ മുക്കായി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-09-2024 | 02-10-2024 |
| ശ്രീമതി മഞ്ജുഷ പി.എൻ., സെക്രട്ടറി | സെക്രട്ടറി | 03-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിജു എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 04-09-2024 |
| ശ്രീ നിഷാന്ത് എം.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 05-09-2024 | 22-09-2024 |
| ശ്രീ സുഗതൻ മുക്കായി | അസിസ്റ്റന്റ് സെക്രട്ടറി | 23-09-2024 | 31-03-2025 |
| ശ്രീ കെ മുഹമ്മദ് നിയാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി രസിത കെ,എം. | വി.ഇ.ഒ.(കതിരൂർ) | 01-04-2024 | 31-03-2025 |
| ശ്രീമതി ലത എം.വി. | വി.ഇ.ഒ.(പൊന്ന്യം) | 01-04-2024 | 03-10-2024 |
| ശ്രീമതി സുമിത വി. | വി.ഇ.ഒ.(പൊന്ന്യം) | 04-10-2024 | 31-03-2025 |
| ഡോ.വിനീത ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ(FHC) | 01-04-2024 | 31-03-2025 |
| ഡോ.സെബിന കെ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ.പി.ഷൈജി | വെറ്റിനറി സർജ്ജൻ | 01-04-2024 | 05-10-2024 |
| ഡോ.ദിവ്യ ബാലൻ | വെറ്റിനറി സർജ്ജൻ | 06-10-2024 | 31-03-2025 |
| ശ്രീമതി ബിന്ദു എ.ഒ. | ICDS സൂപ്പർവൈസർ | 01-04-2024 | 20-04-2024 |
| ശ്രീമതി ബിന്ദു കെ.എം. | ICDS സൂപ്പർവൈസർ | 21-04-2024 | 07-08-2024 |
| ശ്രീമതി ഷീജ പി.ആർ. | ICDS സൂപ്പർവൈസർ | 08-08-2024 | 31-03-2025 |
| ശ്രീ സുഭാഷ് എസ്.എൻ. | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ.ഷിംന കെ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ എം.വി. രാജൻ | ഹെഡ്മാസ്റ്റർ | 01-04-2024 | 18-06-2024 |
| ശ്രീമതി ശ്രീജ കെ. | ഹെഡ്മാസ്റ്റർ | 19-06-2024 | 31-03-2025 |
| ശ്രീമതി ജുനൈദത്ത് പി. | കൃഷി ഓഫീസർ | 01-04-2024 | 30-06-2024 |
| ശ്രീമതി അഞ്ജു എം. | കൃഷി ഓഫീസർ | 01-07-2024 | 21-10-2024 |
| ശ്രീമതി സാനിയ ടി.കെ. | കൃഷി ഓഫീസർ | 22-10-2024 | 30-10-2024 |
| ശ്രീമതി ശ്രീനയന ബി. | കൃഷി ഓഫീസർ | 01-11-2024 | 10-12-2024 |
| ശ്രീമതി ആതിര ജി.ആർ. | കൃഷി ഓഫീസർ | 11-12-2024 | 30-12-2024 |
| ശ്രീമതി ജുനൈദത്ത് പി. | കൃഷി ഓഫീസർ | 31-12-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ഇൻകം ഓവർ എക്സ്പെൻഡിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ചുവടെ ചേർത്ത ഗ്രാന്റുകളുടെ B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല. | 1-1-5 |
| 7 | Rent Deposit ഇനത്തിലെ നീക്കിയിരിപ്പ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ICDS യഥാർത്ഥ നീക്കിയിരിപ്പുതുക B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | അഡ്വാൻസ് തുക സംബന്ധിച്ച യഥാർത്ഥ വിവരങ്ങളല്ല വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ളത് | 1-1-8 |
| 10 | B-2, B-17 ഷഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | ഗ്രാമസഭ | 1-10 |
| 20 | ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-11 |
| 21 | തൊഴിൽ നികുതി വൈകി അടവാക്കിയതിന് പിഴ ഈടാക്കിയിട്ടില്ല | 1-12 |
| 22 | സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലൈസൻസ് അപാകത | 1-13 |
| 23 | സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയുടെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-14 |
| 24 | വസ്തുനികുതിയിലെ കുടിശ്ശിക-തുടർനടപടികൾ അറിയിക്കേണ്ടതാണ്. | 1-15 |
| 25 | വസ്തുനികുതി പരിഷ്കരണം നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കിയിട്ടില്ല. | 1-16 |
| 26 | പൊന്ന്യം നേന്ത്രൻ ഭൗമസൂചിക ലഭ്യമാക്കലും, കർഷകർക്ക് പൊന്ന്യം നേന്ത്രൻ ടിഷ്യൂകൾച്ചർ വാഴതൈ വിതരണവും - പദ്ധതി | 1-17 |

| | | |
|---|---|---|
| | ലക്ഷ്യം കൈവരിച്ചില്ല | |
| 27 | വനിത കബഡി പരിശീലനം സിന്തറ്റിക്ക് കോർട്ടിലേക്കുള്ള മാറ്റ് വാങ്ങിയത് -നിർവ്വഹണത്തിൽ അപാകങ്ങൾ - ₹388500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 28 | കണ്ണൂർ വിവരസഞ്ചയിക പൂർത്തീകരണ വിവരം ലഭ്യമല്ല ₹449564 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 29 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് - അധികം നൽകിയ ₹2000 ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 30 | പെൺകതിർ കബഡി പരിശീലനം അപാകങ്ങൾ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | ജല സമൃദ്ധഗ്രാമം- ചാടാലപ്പുഴ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം- ജലനിധിക്ക് തുക കൈമാറൽ- വിനിയോഗ വിവരം ലഭ്യമല്ല ₹2302500യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 32 | സാക്ഷരത പ്രേരക് മാരുടെ ഹോണറേറിയം അധികം അനുവദിച്ച തുക ക്രമീകരിച്ചില്ല | 1-23 |
| 33 | ഗുണമേന്മയുള്ള വിദ്യാഭ്യാസം - തുടർവിദ്യാഭ്യാസ പദ്ധതി - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 90,300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 34 | പത്താമുദയം - സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി - രേഖകൾ ഹാജരാക്കിയിട്ടില്ല - 35,100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 35 | ഇമേജ് - ആശുപത്രി മാലിന്യ നിർമ്മാർജ്ജനം - തുക അധികം അനുവദിച്ചു - ₹1848 യുടെ ചെലവ് നിരാകരിക്കുന്നു. | 1-26 |
| 36 | കുടുംബാരോഗ്യ കേന്ദ്രം മെയിൻ സെന്ററിന് സബ് സെന്റർ നിർമ്മാണം - വിനിയോഗ വിവരം ലഭ്യമല്ല ₹ 2775000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 37 | ആരോഗ്യ ഗ്രാമം സാന്ത്വന പരിചരണം -ഉപകരണങ്ങൾ ലഭ്യമായില്ല - ₹28,641 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു - ഫോൺ അലവൻസ് അധികം തുക നൽകി - 200 രൂപ നിരാകരിക്കുന്നു. | 1-28 |
| 38 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ - ഉപകരണങ്ങൾ ലഭ്യമായിട്ടില്ല - 76,718 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 39 | ആരോഗ്യ ഗ്രാമം സാന്ത്വന പരിചരണം (സ്പിൽ ഓവർ)- മരുന്നുകൾ ലഭ്യമായിട്ടില്ല - ₹83,898 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 40 | ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്നുവാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹2,48,140 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 41 | ജല സമൃദ്ധഗ്രാമം- ചാലപ്പുഴ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം - രണ്ടാം ഘട്ടം ₹1376664 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 42 | സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം ,വയോലിറ്റിൽ തീയേറ്റർ പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ലഭ്യമല്ല | 1-33 |
| 43 | സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം ,എ ബി സി പ്രോഗ്രാമിന് വിഹിതം കൈമാറൽ - വിനിയോഗ വിവരം ലഭ്യമല്ല - ₹100000 യുടെ ചെലവ് തടസ്സപ്പടുത്തുന്നു | 1-34 |

| | | |
|---|---|---|
| 44 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല | 1-35 |
| 45 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-36 |
| 46 | ജൽജീവൻ മിഷൻ | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ/വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കതിരൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 23-5-2025 തീയതിയിലെ 148/2025 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 27-05-2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 31-03-2025 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നൽകിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
13.11.2025.

### 1-1-1 ഇൻകം ഓവർ എക്സ്പെന്റിച്ചർ -മിച്ചതുക കണക്കാക്കിയതിലെ അപാകം

2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. Income Over Expenditure (Net Surplus) – ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ മിച്ചതുക ₹12243360 യഥാർത്ഥ മിച്ചതുകയുമായി ₹8827080പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 195173467 |
| ആകെ ചെലവ് (B) | | 184638247 |
| മിച്ചം തുക C= A-B | | 10535220 |
| | | |

| | | |
|---|---|---|
| Prior Period Income | 36066 | |
| Prior Period Expenditure | 1744206 | |
| Net Difference Between Prior Period Income And Expenses I-19-I-18 ( D ) | | -1708140 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | 8827080 |

യഥാർത്ഥ മിച്ച തുകയായ ₹8827080യാണ് ബാലൻസ് ഷീറ്റിലേക്ക് ക്യാരിഓവർ ചെയ്തിട്ടുള്ളത്

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹5825993യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹10766 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-4 ചുവടെ ചേർത്ത ഗ്രാന്റുകളുടെ B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക B-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| CFC Grant | 3207520 | 3195520 |
| ICDS Grant | 970241 | 886271 |
| Health Grant Towards Support For Diagnostic Infrastructure To PHCs | 448802 | 454402 |

### 1-1-5 നോട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-6 Rent Deposit ഇനത്തിലെ നീക്കിയിരിപ്പ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം Rent Deposit ഇനത്തിലെ നീക്കിയിരിപ്പ് തുക 23100 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക B-7 Schedule പ്രകാരം 21850 രൂപയാണ് നീക്കിയിരിപ്പ്.

### 1-1-7 ICDS യഥാർത്ഥ നീക്കിയിരിപ്പുതുക B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

ICDS മുന്നിരിപ്പ്= 85271, RP(30)പ്രകാരം വരവ്=2320131, ആകെ=2405402, I-6 പ്രകാരം ചെലവ്=1518767 ഇത് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പുതുക(886635) B-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുതുകയുമായി (886271) പൊരുത്തപ്പെടുന്നില്ല.

### 1-1-8 അഡ്വാൻസ് തുക സംബന്ധിച്ച യഥാർത്ഥ വിവരങ്ങളല്ല വാർഷിക ധനകാര്യ പത്രികയിൽ

**കാണിച്ചിട്ടുള്ളത്**

ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം ₹3126562 ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ Advance To Implementing Agencies-Deposit With Kerala Electicity Board എന്നീ ശീർഷകത്തിൽ രേഖപ്പെടുത്തിയ ₹1229056 യുടെ ധനവിനിയോഗ സാക്ഷ്യപത്രം 2-2-2022 ൽ ലഭ്യമായിട്ടുണ്ടെങ്കിലും തുക ഈ വർഷവും ക്രമീകരിച്ചിട്ടില്ല. Advance To Others എന്നീ ശീർഷകങ്ങളിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള ₹86985 മുൻവർഷങ്ങളിൽ അനുവദിച്ച തുകയാണ്. Advance To Implementing Officers എന്ന ശീർഷകത്തിൽ ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള ₹157082 യിൽ 2020-21 സാമ്പത്തിക വർഷം അനുവദിച്ച തുകയും ഉൾപ്പെട്ടിട്ടുണ്ട്. അഡ്വാൻസ് തുക സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

## 1-1-9 B-2, B-17 ഷഡ്യൂളുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ദുരിതാശ്വാസ നിധി - B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക( 435385) B-2 ഷെഡ്യൂൾ പ്രകാരമുള്ള തുകയുമായി(437635) പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് 12-02-2024 തീയതിയിലെ 29/2024 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 1-03-2025 ലെ 56/2025 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 8510244 | 24424538 |
| വരവ് | 809895876 | 328435291 |
| ആകെ | 818406120 | 352859829 |
| ചെലവ് | 808591176 | 343972203 |
| നീക്കിയിരിപ്പ് | 9814944 | 8887626 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | **26047635** |
| വരവ് | 70460333 |
| ആകെ | **96507968** |
| ചെലവ് | 64634340 |
| നീക്കിയിരിപ്പ് | 31873628 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 2048 |
| തടസ്സപ്പെടുത്തിയ തുക | 8005035 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 25669000 | 25669000 | 25669000 | 0 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 861000 | 861000 | 861000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5372000 | 5372000 | 5372000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 14845000 | 14845000 | 9964084 | 4880916 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ് | 781553 | 4542798 | 5324351 | 4829142 | 495209 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1075576 | 8998353 | 10073929 | 7373618 | 2700311 |
| നാഷണൽ ഹെൽത്ത് മിഷൻ | 380392 | 0 | 380392 | 380392 | 0 |
| എംജിഎൻആർ ഇജിഎസ് | 2843 | 22004429 | 22007272 | 22006297 | 975 |
| ഐ സി ഡി എസ് | 85271 | 2320131 | 2405402 | 1519131 | 886271 |
| എം പി ഫണ്ട് | 6138 | 0 | 6138 | 6138 | 0 |
| അവാർഡ് തുക | 797955 | 575000 | 1372955 | 0 | 1372955 |
| ശുചിത്വ മിഷൻ | 9981 | 15000 | 24981 | 0 | 24981 |
| സാക്ഷരത | 12443 | 0 | 12443 | 10 | 12433 |
| വിമുക്തി | 33000 | 34 | 33034 | 0 | 33034 |
| കുടുംബശ്രീ ഫണ്ട് | 560378 | 27079 | 587457 | 0 | 587457 |
| ജലനിധി | 298181 | 10432 | 308613 | 0 | 308613 |
| കെ ഫോൺ- ഫണ്ട് | 25000 | 354498 | 379498 | 332466 | 47032 |
| ഹെൽത്ത് ഗ്രാന്റ് -ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 22870 | 431532 | 454402 | 0 | 454402 |
| ഹെൽത്ത് ഗ്രാന്റ്- ഹെൽത്ത് & വെൽനസ്സ് സെന്റർ | 11816 | 673648 | 685464 | 0 | 685464 |
| ഹെൽത്ത് ഗ്രാന്റ്- ബിൽഡിംഗ് | 2805500 | 95097 | 2900597 | 2775000 | 125597 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 284 | 129754077 | 209 | 72241454 | 63 | 75 | 146 | 51.41 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 19 | 19 | 5000599 | 5000599 | 100 |
| വെറ്റിനറി സർജ്ജൻ | 4 | 4 | 458350 | 458350 | 100 |
| മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 19 | 17 | 6135856 | 4817726 | 78.5 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 515000 | 515000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 818850 | 818850 | 100 |
| വി.ഇ.ഒ | 29 | 28 | 27524243 | 14890526 | 54 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 32 | 30 | 7544416 | 6608318 | 87.5 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 49 | 37 | 18636201 | 13316808 | 71 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 97 | 41 | 53348255 | 20493915 | 38 |
| ഡയറി ഫാം ഇൻസ്പെക്ടർ | 5 | 5 | 3713830 | 1925806 | 52 |
| ഹെഡ് മാസ്റ്റർ | 15 | 13 | 1901876 | 1653364 | 87 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 1967226 | 1742192 | 88.5 |
| ആകെ | 284 | 209 | 127564702 | 72241454 | 56.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2843 | 2015160 | 2018003 | 2017028 | 975 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19989269 | 19989269 | 19989269 | 0 |
| ആകെ | 2843 | 22004429 | 22007272 | 22006297 | 975 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെപേര് | ചെലവഴിച്ചതുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളിപെൻഷൻ | 2680000 | 166 |
| വിധവാപെൻഷൻ | 17980500 | 1176 |
| വാർദ്ധക്യകാലപെൻഷൻ | 40228000 | 2776 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 5433700 | 345 |
| 50 വയസിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5558400 | 352 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-08-2025 തീയതിയിൽ 2.30 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33813 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ട് ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഐ.എൽ.ജി.എം.എസ് വഴി ഫയൽ കൈകാര്യം ചെയ്യുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ (2024-25 വർഷം) ആകെയുള്ള 18 വാർഡുകളിലും ജൂലൈ, ജനുവരി മാസങ്ങളിലായി രണ്ട് തവണ മാത്രമേ ഗ്രാമസഭകൾ ചേർന്നിട്ടുള്ളൂ. ഗ്രാമ സഭകളിൽ 2024-25 വർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2023-24

വാർഷിക പദ്ധതി അവലോകനം, വരവ് - ചെലവ് കണക്ക് അംഗീകരിക്കൽ, 2024-25 വർഷ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ, ശുചിത്വം, 2025-26 വർഷ പദ്ധതി ആസൂത്രണവും - കരട് പദ്ധതി അവതരണവും, മാലിന്യ മുക്ത കേരളം രണ്ടാം ഘട്ടം, 2024-25വർഷിക പദ്ധതി അധീഷണൽ ഗുണഭോക്താക്കളെ അംഗീകരിക്കൽ 2025-26 വർഷ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ , ലേബർബജറ്റ് അംഗീകരിക്കൽ, വയോസൗഹൃദ പഞ്ചായത്ത്, ബാലസൗഹൃദ പഞ്ചായത്ത്, ഭൂജല സംരക്ഷണ പ്രവൃത്തികൾ, 2023-24 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് റിപ്പോർട്ട് അംഗീകരിക്കൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും ചർച്ച ചെയ്ത് തീരുമാനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## 1-11 ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

എഫ് ടി ഇ & ഒ എസ് ലൈസൻസ് അപേക്ഷകളിൽ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ളതായി രേഖപ്പെടുത്തിയ പല സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം |
|---|---|---|
| 521 | വാൾ മാർട്ട് സൂപ്പർ മാർക്കറ്റ് | 4 |
| 526 | ഇക്കോ ഫുട്‌വെയർ | 2 |
| 558 | ഗ്രീൻ വേ | 3 |
| 583 | കെ വൺ ഹൈപ്പർമാർകെറ്റ് | 6 |
| 584 | എവർ ഗ്രീൻ | 3 |
| 585 | മിൽക്ക് പോട്ട് | 3 |
| 300 | കളർ ഇങ്ക് ഡിജിറ്റൽ സൈൻ | 3 |
| 445 | ശ്രീ മാതാ പ്രൊഡക്ഷൻ | 3 |
| 462 | D K കേക്ക് ബേക്ക് | 4 |

2024-25 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് വിവിധ വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. സ്ഥാപനങ്ങൾക്ക് അയച്ച ഡിമാന്റ് നോട്ടീസും സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകളും പരിശോധനയ്ക്ക് ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.45/19.08.25) മറുപടി ലഭിച്ചിട്ടില്ല. ഇത്തരം സ്ഥാപനങ്ങളിലെ തൊഴിൽ നികുതി പരിധിയിൽ വരുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി വൈകി അടവാക്കിയതിന് പിഴ ഈടാക്കിയിട്ടില്ല

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം ഉത്തരവ് പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് **209 ഇ** വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽ നികുതിയിനത്തിൽ നൽകേണ്ട തുക ആ അർദ്ധവർഷം തന്നെ നൽകാതിരുന്നതിന് 2 ശതമാനം നിരക്കിൽ പിഴ ഈടാക്കിയിട്ടില്ലെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും ഐ എൽ ജി എം എസ് പ്രകാരമുള്ള ചിട്ട രജിസ്റ്ററും പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. വൈകി അടവാക്കിയ

നികുതിദായകരിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ലാത്തവരുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ തുക, രസീത് നമ്പർ | ഈടാക്കിയ പിഴ (₹) | ഈടാക്കേണ്ട പിഴ (₹) | അടവാക്കിയ തീയതി |
|---|---|---|---|---|
| ഗവ.Hss കതിരൂർ | ₹27500 1240102960 | 0 | 1100 | 01/10/24 |
| ഗവ.HSS കതിരൂർ | ₹15000 1240104315 | 0 | 900 | 06/11/24 |
| ഗവ. HSS കതിരൂർ VHSE | ₹3000 1240104315 | 0 | 180 | 06/11/24 |
| ഒലിവ് ഹൈപ്പർ മാർക്കറ്റ് | ₹1500 1240103059 | 0 | 60 | 17/10/24 |
| എവർ ഹെൽത് കൊക്കനട്ട് ഓയിൽ | ₹600 124013059 | 0 | 24 | 07/10/24 |
| കാവ്യ പ്രിന്റേഴ്സ് | ₹360 1240108492 | 0 | 50 | 23/03/25 |
| എക്സ്ലൽലെൻറ് ഇംഗ്ലീഷ് മീഡിയം | ₹2640 1240103041 | 0 | 106 | 07/10/24 |
| ഡ്രൈവർ ലോജിസ്റ്റിക് | ₹3550 1240104317 | 71 | 213 | 06/11/24 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/18.08.24) മറുപടി ലഭിച്ചിട്ടില്ല. ഇത്തരത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ വൈകി അടവാക്കിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-13 സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും ലൈസൻസ് അപാകത

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും റെജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ല. എന്നാൽ പഞ്ചായത്തിലെ എഫ്.ടി.ഇ.& ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ സ്വകാര്യ പാരാമെഡിക്കൽ റെജിസ്ട്രേഷൻ എടുത്തിട്ടില്ല.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സംരംഭം | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ |
|---|---|---|---|
| 55 | സി കണാരൻ വൈദ്യർ സ്മാരക വൈദ്യശാല | DR CK ഭാഗ്യനാഥൻ | 250,251 |
| 107 | ജെംസ് ഡെന്റൽ ക്ലിനിക് ആൻഡ് മെഡിക്കൽ സെന്റർ | DR ശ്രീശാന്ത് എസ് | 536-1 |
| 118 | കോട്ടക്കൽ ആര്യ വൈദ്യ ശാല ഏജൻസി | അനിൽ എൻ | 588 |

| | | | |
|---|---|---|---|
| 304 | Dr.PK ചന്ദ്രൻ മെഡിക്കൽ ക്ലിനിക് | DR പി കെ ചന്ദ്രൻ | 269,270 |
| 437 | സരിത ക്ലിനിക്കൽ ലബ് | ശൈലജ രാമദാസ് | 386-G |
| 487 | സിറ്റി ഡെന്റൽ ക്ലിനിക് | റിസ്വാൻ റസാഖ് | 413-F |

രജിസ്ട്രേഷൻ എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/16.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 1-14 സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയുടെ വിവരം ലഭ്യമാക്കിയിട്ടില്ല

സ.ഉ(പി)നം.25/2023/തസ്വഭവ,05.04.23, എസ് ആർ ഒ നമ്പർ 479/2023 എന്നീ വിജ്ഞാപന പ്രകാരം സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ എന്നിവയ്ക്ക് ഈടാക്കാവുന്ന കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്ക് താഴെ കൊടുക്കുന്നു.

| കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|
| സ്വിമ്മിങ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ | 25 | 45 |

മേൽ ഉത്തരവിൻറെ ഭാഗമായി കതിരൂർ ഗ്രാമപഞ്ചായത്ത് 19.07.2023 തീയതിയിൽ പുറപ്പെടുവിച്ച 'വസ്തു നികുതി പരിഷ്കരണം – അന്തിമ വിജ്ഞാപന'ത്തിൽ (നമ്പർ എസ്സ്‌സി3-4351/2023) ടർഫുകളുടെയും ജിംനേഷ്യങ്ങളുടെയും നികുതി നിരക്ക് 01.04.2023 തീയതി പ്രാബല്യത്തിൽ 30 രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.
പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾ സഞ്ചയയിൽ ലഭ്യമല്ല. പഞ്ചായത്ത് പരിധിയിൽ വരുന്ന ജിംനേഷ്യങ്ങളുടെയും ടർഫുകളുടെയും വിവരങ്ങളും ആയതിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 44/19.08.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന നിർമ്മിതികൾ ഉണ്ടെങ്കിൽ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതിയിലെ കുടിശ്ശിക-തുടർനടപടികൾ അറിയിക്കേണ്ടതാണ്.

കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | വസ്തുനികുതി | തൻവർഷം (BT+LC) | കുടിശ്ശിക (BT+LC) |
|---|---|---|---|
| 1 | റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹2259 | ₹ 10439 |
| 2 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹ 5731 | |

വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 44/19.08.2025) മറുപടി ലഭിച്ചട്ടില്ല.കുടിശ്ശിക ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി പരിഷ്കരണം നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കിയിട്ടില്ല.

22.03.2023 ലെ സ ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. കതിരൂർ ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി പരിഷ്ക്കരണം സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ 19/18.08.2025 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, മറുപടി ലഭിച്ചിട്ടില്ല. വസ്തു നികുതി പരിഷ്കരണത്തിന്റെ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

## 1-17 പൊന്ന്യം നേന്ത്രൻ ഭൗമസൂചിക ലഭ്യമാക്കലും, കർഷകർക്ക് പൊന്ന്യം നേന്ത്രൻ ടിഷ്യൂകൾച്ചർ വാഴതൈ വിതരണവും – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 187/24 പൊന്ന്യം നേന്ത്രൻ ഭൗമസൂചിക ലഭ്യമാക്കലും, കർഷകർക്ക് പൊന്ന്യം നേന്ത്രൻ ടിഷ്യൂകൾച്ചർ വാഴതൈ വിതരണവും (സ്പിൽ ഓവർ ) |
| അടങ്കൽ | ₹2,25,000 വികസന ഫണ്ട്(പൊതു വിഭാഗം)<br>ആകെ - ₹2,25,000 |
| ചെലവ്, ബിൽ നമ്പർ തീയതി | ₹225,000, 16/16-5-2024 |

മേൽ പ്രോജക്ട് പ്രകാരം കർഷകർക്ക് വിതരണം ചെയ്യാനായി പൊന്ന്യം നേന്ത്രൻ വാഴതൈകൾ കാർഷിക സർവകലാശാല, പീലിക്കോട് സെന്ററിൽ നിന്ന് ഇൻവോയ്സ് നമ്പർ 343/K/000130/2023-24 Dt 23-3-2024 പ്രകാരം 10000 തൈകൾ 30 രൂപ നിരക്കിൽ 3 ലക്ഷം രൂപയ്ക്ക് വാങ്ങി 105 പേർക്ക് വിതരണം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ 75000 രൂപ മുൻവർഷം ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിൽ വിഭാവനം ചെയ്ത ഭൗമസൂചിക പദവി ലഭ്യമായിട്ടുണ്ടോ എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/13-8-2025) ലഭ്യമാക്കിയ മറുപടിയിൽ ഭൗമ സൂചിക പദവിയുമായി ബന്ധപ്പെട്ട ലൊക്കേഷൻ മാപ്പ്, ലോഗോ, 15 വർഷത്തെ കാലാവസ്ഥ ഡാറ്റ, ഫോട്ടോസ് പ്രൂഫ് ഓഫ് ഹിസ്റ്ററി എന്നിവ തയ്യാറായിട്ടുണ്ട് എന്നും അതോടൊപ്പം പൊന്ന്യം വാഴകൃഷി ചെയ്യുന്ന കർഷകരുടെ ലിസ്റ്റ് സർട്ടിഫൈഡ് ലിസ്റ്റ് ലഭിച്ചാലുടൻ അത് സഹിതം ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ രജിസ്ട്രി ചെന്നൈക്ക് സമർപ്പിക്കാൻ തയ്യാറായിട്ടുണ്ട് എന്നും ആയത് ഉടൻ സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-18 വനിത കബഡി പരിശീലനം സിന്തറ്റിക് കോർട്ടിലേക്കുള്ള മാറ്റ് വാങ്ങിയത് -നിർവ്വഹണത്തിൽ അപാകങ്ങൾ – ₹388500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 156/25, ആരോഗ്യ ഗ്രാമം – വനിത കബഡി പരിശീലനത്തിന് സിന്തറ്റിക് കോർട്ടിലേക്കുള്ള മാറ്റ് വാങ്ങുന്നത് |
| അടങ്കൽ | ₹ 388500 (വികസന ഫണ്ട്) |
| ചെലവ് | ₹388500<br>ബിൽ നമ്പർ-41/16-5-2024 ₹388500 |

വനിത കബഡി പരിശീലനം സിന്തറ്റിക് കോർട്ടിലേക്കുള്ള മാറ്റ് വാങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. കബഡി പരിശീലനം പുല്ല്യോട് ഗവൺമെന്റ് എൽ പി സ്കൂളിൽ ആണ് നടക്കുന്നത് എന്നും മേറ്റിന്റെ പരിപാലനം കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നു എന്നും പ്രൊജക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനായി ജെം പോർട്ടൽ മുഖേന സൺബീം എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ SUNOO758/23-24 Dt 26-2-2024 പ്രകാരം സുപ്രീം കബഡി മാറ്റ് 30 എണ്ണവും ഇൻവോയ്സ് നമ്പർ SUNOO759/23-24 Dt 26-2-2024 പ്രകാരം സുപ്രിം കബഡി മാറ്റ് 180 എണ്ണവും വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1) സിന്തറ്റിക് കോർട്ടിലേക്കുള്ള മാറ്റ് വാങ്ങുന്നതിന് രൂപീകരിച്ച പദ്ധതി പ്രകാരം വാങ്ങിച്ച മാറ്റുകൾ പൂർണ്ണമായും ഉപയോഗിച്ച് സിന്തറ്റിക് കോർട്ട് സജ്ജമാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2) പ്രൊജക്ടിൽ കബഡി പരിശീലനം പുല്ല്യോട് ഗവൺമെന്റ് എൽ പി സ്കൂളിൽ ആണ് നടക്കുന്നത് എന്ന് കാണിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ സിന്തറ്റിക് കോർട്ട് സജ്ജമാക്കിയത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 47/20-8-2025 ) ലഭ്യമാക്കിയ മറുപടിയിൽ വനിത കബഡി പരിശീലനത്തിനാവശ്യമായ ഫുൾകോർട്ട് സജ്ജമാക്കുന്നതിനാവശ്യമായ 210 മാറ്റുകളാണ് വാങ്ങിയത് എന്നും കബഡിപരിശീലനത്തിന് പ്രാധാന്യം നൽകുന്ന ഗ്രാമപഞ്ചായത്തിന് വർഷം മുഴുവൻ മാറ്റ് വാടകക്ക് എടുക്കുക സാമ്പത്തികമായി പ്രായോഗികമല്ലാത്തതിനാലാണ് പോർട്ടബിളായി കൊണ്ടുപോകാവുന്ന മാറ്റ് സ്വന്തമായി വാങ്ങിയത് എന്നറിയിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണവേളയിൽ പുല്ല്യോട് ഗവൺമെന്റ് എൽ പി സ്കൂളിലെ മുറ്റത്തെ ഗ്രൗണ്ടിൽ പരിശീലിപ്പിക്കുക എന്നാണ് ഉദ്ദേശിച്ചത് എന്നും അവിടെ മാറ്റ് സൂക്ഷിക്കുന്നതിനും കുട്ടികൾക്ക് എത്തിച്ചേരാൻ

ബുദ്ധിമുട്ടും ഉള്ളതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ഓഡിറ്റോറിയത്തിൽ മാറ്റ് ഉപയോഗിച്ച് കോർട്ട് തയ്യാറാക്കുകയും പരിശീലനം നടത്തുകയും ചെയ്യുന്നുണ്ട് എന്നും ബാക്കി മാറ്റുകൾ ഓഡിറ്റോറിയത്തിന്റെ പുറകിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട് എന്നും മാറ്റ് പരിപാലനകമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിച്ച മാറ്റുകളുടെ പൂർണ്ണമായ ഉപയോഗം ഉറപ്പാക്കി സിന്തറ്റിക്ക് കോർട്ട് സജ്ജീകരിച്ചിട്ടില്ലാത്തതിനാൽ ₹388500 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കണ്ണൂർ വിവരസഞ്ചയിക പൂർത്തീകരണ വിവരം ലഭ്യമല്ല ₹449564 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 197/25, കണ്ണൂർ വിവരസഞ്ചയിക |
| അടങ്കൽ | ₹ 400000 (തനത് ഫണ്ട്)<br>₹610155 (വികസന ഫണ്ട്)<br>ആകെ: ₹1010155 |
| ചെലവ് | ₹400000 ,-തനത് ഫണ്ട്<br>₹184069, ബിൽ നമ്പർ-308/3-1-2025<br>₹29495, ബിൽ നമ്പർ-629/26-3-2025<br>₹186436, ബിൽ നമ്പർ-628/26-3-2025<br>വികസന ഫണ്ട്,<br>₹49564, ബിൽ നമ്പർ – 615/25-3-2025<br>ആകെ: ₹449564 |

കണ്ണൂർ വിവരസഞ്ചയികയുടെ ഭാഗമായി പഞ്ചായത്തിന്റെ സ്ഥിതി വിവര കണക്ക് ശേഖരിച്ച് ഡാറ്റാ ബേസ് തയ്യാറാക്കുക എന്ന പദ്ധതിയിൽ ബിൽഡിംഗ് പ്രോപ്പർട്ടി സർവ്വേ (5631 കെട്ടിടം ), ബേസ് മാപ്പ് പ്രിപ്പറേഷൻ, ഡാറ്റാ അനലിസിസ് ഡാഷ്ബോർഡ് & വെബ് എന്നി പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം ₹449564, ഈ വർഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി പൂർത്തീകരിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കുന്നു എന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹449564 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് – അധികം നൽകിയ ₹2000 ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 131/24, സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | ₹377740 വികസന ഫണ്ട് – ജനറൽ<br>₹ 600000 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>₹300000 ബ്ലോക്ക് പഞ്ചായത്ത് ഷെയർ<br>₹350000 ജില്ലാ പഞ്ചായത്ത് ഷെയർ<br>ആകെ ₹1627740 |
| ചെലവ് | ₹377740 വികസന ഫണ്ട്<br>₹ 600000 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>₹300000 ബ്ലോക്ക് പഞ്ചായത്ത് ഷെയർ<br>₹177160 ജില്ലാ പഞ്ചായത്ത് ഷെയർ<br>ആകെ: ₹1454900 |
| ബിൽ നമ്പർ ,തീയതി ,തുക | ₹300000, 415/11-11-2024 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹177160, 646/10-3-2025 ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | ₹88550, 342/10-1-2025 ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>₹500550, 343/10-1-2025<br>₹10900, 413/11-2-2025 വികസന ഫണ്ട്<br>₹305940, 484/14-3-2025<br>₹71800, 598/24-3-2025<br>ആകെ – ₹1454900 |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം സ്കോളർഷിപ്പ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു

1) ശാരീരിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽപ്പെട്ട ബി ടെക് വിദ്യാർത്ഥിയായ പാർത്ഥിവ് പ്രദീപിന് സ്കോളർഷിപ്പ് 15000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.16 എ പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന ബിരുദ വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പ് 1000 രൂപയും വാർഷിക ബത്ത 1000 വും ഉൾപ്പെടെ 13000 രൂപയാണ് പ്രതിവർഷം അനുവദിക്കാവുന്നത്. ടി വിദ്യാർത്ഥിക്ക് 15000 അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/19-8-2025) അധികം നൽകിയ തുക ക്രമീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുക ക്രമീകരിച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 പെൺകതിർ കബഡി പരിശീലനം അപാകങ്ങൾ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 239/24, സ്ത്രീ സൗഹൃദ ഗ്രാമം – പെൺകതിർ കബഡി പരിശീലനം |
| അടങ്കൽ | ₹50000 വികസന ഫണ്ട് – ജനറൽ |
| ചെലവ് തുക/ബിൽ നമ്പർ, തീയതി | ₹50000, 544/19.03.2025 |

18നും 40നും ഇടയിലുള്ള 25 യുവതികൾക്ക് 90 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം നൽകി പഞ്ചായത്ത് ടീം രൂപീകരിക്കുക എന്നതാണ് പെൺകതിർ കബഡി പരിശീലനം എന്ന പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടത്തിപ്പിൽ താഴെ ചേർത്തിട്ടുള്ള അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്.

1)പദ്ധതി പ്രകാരം 18നും 40നും ഇടയിലുള്ള യുവതികൾക്ക് പരിശീലനം നൽകാനാണ് ഉദ്ദേശിച്ചതെങ്കിലും ഫയലിൽ സൂക്ഷിച്ച അപേക്ഷകളിൽ താഴെ പറയുന്ന പരിശീലനാർത്ഥികൾക്ക് 18 വയസ്സ് പൂർത്തിയായിട്ടില്ല

1) ആൻവിയ( ആധാർ കാർഡ് പ്രകാരം ജനിച്ച വർഷം 2015)

2)ആൻവിയ റിമേഷ് ( ആധാർ കാർഡ് പ്രകാരം ജനിച്ച വർഷം 2016)

3) തൻമയ ഷാജു (ആധാർ കാർഡ് പ്രകാരം ജനിച്ച വർഷം 2014)

4)ആധിക പി പി( ആധാർ കാർഡ് പ്രകാരം ജനിച്ച വർഷം 2012)

5)വൈഗ കെ (ആധാർ കാർഡ് പ്രകാരം ജനിച്ച വർഷം 2013)

6)ഫാത്തിമത്ത് സെൻഹ (ആധാർ കാർഡ് പ്രകാരം ജനിച്ച വർഷം 2013)

7) നേഹ സൈനബ(ആധാർ കാർഡ് പ്രകാരം ജനിച്ച വർഷം 2013)

8) ഗോകുല കെ കെ (ആധാർ കാർഡ് പ്രകാരം ജനിച്ച വർഷം 2011)

ഇപ്രകാരം 18 വയസ്സ് തികയാത്ത കുട്ടികൾക്ക് പരിശീലനം നൽകിയതിലൂടെ യുവതികളുടെ ടീം രൂപീകരിക്കുക എന്നലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല

2) പരിശീലകനായ അർജ്ജുൻ കെ കെ എന്നവർക്ക് 60 ദിവസത്തെ പരിശീലനത്തിനായി 24000രൂപ വേതനം നൽകിയിട്ടുണ്ട്. പരിശീലകന്റെ യോഗ്യത വ്യക്തമാക്കുന്നരേഖകൾ,തെരഞ്ഞെടുക്കുന്നതിനായി ഇന്റർവ്യൂ നടത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമല്ല

3) 14-ാം സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/22/തസ്വഭവ തീയതി 28.05.2022 ഖ.7.7.1 പ്രകാരം, ഗ്രാമപഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടുകൂടി ഓരോ വർഷവും ഗെയിംസ് ഫെസ്റ്റിവൽ നടത്തുന്നതിനുള്ള പദ്ധതി രൂപീകരിക്കാമെന്നും, യുവജന ക്ലബ്ബുകളിൽ നിന്നും ടീം രൂപീകരിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ സെലക്ഷൻ ട്രയൽസ് കം ചാമ്പ്യൻഷിപ്പ് നടത്തേണ്ടതാണെന്നും , ചാമ്പ്യൻഷിപ്പ് ടീമുകളിലെ നല്ല കളിക്കാരെ തെരഞ്ഞെടുത്ത് ഗ്രാമപഞ്ചായത്ത് തലത്തിൽ ടീം രൂപീകരിക്കുവാനും നിഷ്കർച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ മേൽ നിർദ്ദേശ പ്രകാരമാണോ പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്നും, യുവജനക്ലബ്ബുകളിൽ നിന്നാണോ ടീം രൂപീകരിച്ചിട്ടുള്ളതെന്നും, മാർഗ്ഗരേഖ നിർദ്ദേശ പ്രകാരം തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്നതിന്റെ വിവരം ലഭ്യമല്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30/18-8-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെയും മറുപടിയുടെയും അഭാവത്തിൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-22 ജല സമൃദ്ധഗ്രാമം- ചാടാലപ്പുഴ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം- ജലനിധിക്ക് തുക കൈമാറൽ- വിനിയോഗ വിവരം ലഭ്യമല്ല ₹2302500യുടെ ചെലവ് തടസ്സപെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / പേര് | 275/25, ജല സമൃദ്ധഗ്രാമം- ചാടാലപ്പുഴ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം- ജലനിധിക്ക് തുക കൈമാറൽ |
| അടങ്കൽ | ₹2302500 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹2302500 ബിൽ നമ്പർ :276/18-12-2024 |

ഗ്രാമപഞ്ചായത്തിലെ ചാടാലപ്പുഴ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ജലനിധി മുഖേന നിർമ്മിക്കുന്നതിനായാണ് മേൽ പ്രൊജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. ആയത് പ്രകാരം കരാർ തുകയായ 4513500 രൂപയിൽ 2211000 രൂപ അഡ്വാൻസായി കേരള ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസിയുടെ റീജിയണൽ പ്രൊജക്ട് മാനേജർക്ക് 23-24 വർഷവും ബാക്കി തുക ₹2302500 തൻ വർഷവും നൽകിയിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്ന പ്രവൃത്തിയുടെ നിലവിലെ വിവരം, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39/19-8-2025) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി നടന്നുവരികയാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാവാത്തതിനാൽ തൻവർഷം ചെലവഴിച്ച ₹2302500 തടസ്സപ്പെടുത്തുന്നു.

**1-23 സാക്ഷരത പ്രേരക് മാരുടെ ഹോണറേറിയം അധികം അനുവദിച്ച തുക ക്രമീകരിച്ചില്ല**

വൗച്ചർ നമ്പർ 22400120/14-6-2024 ₹ 24000,
വൗച്ചർ നമ്പർ 22400121/14-6-2024 ₹ 24000
വൗച്ചർ നമ്പർ 22400219/9-7-2024 ₹ 24000

മേൽ വൗച്ചറുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ സാക്ഷരത പ്രേരക്മാരായ സരിത കെ എം, ബീന എൻ പി എന്നവരുടെ ഏപ്രിൽ മേയ്, ജൂൺ മാസത്തെ ഹോണറേറിയം ഇനത്തിൽ 12000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് സാധാ 743/2024/Lsgd Dt 12-4-2024 പ്രകാരം സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയത്തിന്റെ 60% (7200 രൂപ) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമിനത്തിൽ നൽകാനാണ് വ്യവസ്ഥ ചെയ്തത് എങ്കിലും മേൽ വൗച്ചറുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ പ്രേരക് മാരുടെ ഏപ്രിൽ, മേയ്, ജൂൺ മാസത്തെ ഹോണറേറിയം ഇനത്തിലെ മുഴുവൻ തുകയും തനത് ഫണ്ടിൽ നിന്നാണ് അനുവദിച്ചത് . തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/13-8-2025) ലഭ്യമാക്കിയ മറുപടിയിൽ തുക ലഭ്യമാക്കാൻ സാക്ഷരതമിഷന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-24 ഗുണമേന്മയുള്ള വിദ്യാഭ്യാസം - തുടർവിദ്യാഭ്യാസ പദ്ധതി - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 90,300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽപി.സ്കൂൾ |
| പ്രൊജക്ട് നമ്പർ, പേര് | 54/25, ഗുണമേന്മയുള്ള വിദ്യാഭ്യാസം - തുടർവിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | ₹1,00,000 തനത് ഫണ്ട് |
| ചെലവ്/ബിൽ നമ്പർ | ₹99,600<br>[1. ₹65000 – 467/10.03.2025<br>2. ₹25300 – 638/27.03.2025<br>3. ₹9300 – 639/27.03.2025] |

തുടർവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി 25 പഠിതാക്കളുടെ പ്ലസ് വൺ തുല്യതാ പരീക്ഷ ഫീസിനത്തിൽ ബിൽ നം. 467/10.03.2025 പ്രകാരം ₹65,000 (2600 X 25 )യും, 11 പഠിതാക്കളുടെ പ്ലസ് ടു തുല്യതാ പരീക്ഷ ഫീസിനത്തിൽ ബിൽ നം. 638/27.03.2025 പ്രകാരം ₹25300 (2300 X 11 )യും കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ കോഴ്സ് പൂർത്തികരണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/14.08.25) മറുപടിയായി, പരീക്ഷ എഴുതിയവരുടെ ഹാൾടിക്കറ്റ് ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. കോഴ്സ് പൂർത്തകരണ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ 90,300 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 പത്താമുദയം - സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി - രേഖകൾ ഹാജരാക്കിയിട്ടില്ല - 35,100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവ.എൽപി.സ്കൂൾ |
| പ്രൊജക്ട് നമ്പർ, പേര് | 113/25, ഗുണമേന്മയുള്ള വിദ്യാഭ്യാസം – പത്താമുദയം - സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | ₹50,000 തനത് ഫണ്ട് |
| ചെലവ് | ₹35,100 ബിൽ നമ്പർ 486/15.03.2025 |

18 പഠിതാക്കളുടെ പത്താംതരം തുല്യതാ പരീക്ഷ ഫീസിനത്തിൽ മേൽ ബിൽ പ്രകാരം ₹ 35,100 (1950 X 18 = 35100) കേരള സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ പരീക്ഷക്ക് ഹാജരായതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/14.08.25) മറുപടിയായി, പരീക്ഷ നടന്നിട്ടില്ലെന്നും, തുല്യത പരീക്ഷക്ക് ഹാജരാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കാത്തതിനാൽ 35,100 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 ഇമേജ് - ആശുപത്രി മാലിന്യ നിർമ്മാർജ്ജനം - തുക അധികം അനുവദിച്ചു - ₹1848 യുടെ ചെലവ് നിരാകരിക്കുന്നു.**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | |
| പ്രോജക്ട് നമ്പർ/ പേര് | 47/25, ശുചിത്വവും ഹരിതാഭവുമായ ഗ്രാമം -ഇമേജ് - ആശുപത്രി മാലിന്യ നിർമ്മാർജ്ജനം | 138/25, ശുചിത്വവും ഹരിതാഭവുമായ ഗ്രാമം -ഇമേജ് - ആശുപത്രി മാലിന്യ നിർമ്മാർജ്ജനം (സ്പിൽ ഓവർ) |
| അടങ്കൽ | ₹30,000 വികസന ഫണ്ട് പൊതുവിഭാഗം | ₹9,240 വികസന ഫണ്ട് പൊതുവിഭാഗം<br>₹347 തനത് ഫണ്ട്<br>ആകെ - ₹ 9587 |
| ചെലവ് | ₹30,000 | ₹9,240 വികസന ഫണ്ട് പൊതുവിഭാഗം |

കതിരൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ ബയോമെഡിക്കൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട് ബയോമെഡിക്കൽ വേസ്റ്റ് കലക്ഷന്റെ ഭാഗമായി ഇമേജ് എന്ന സ്ഥാപനത്തിന് 2024 ഫെബ്രുവരി മാസത്തെ ഓപ്പറേഷണൽ കോസ്റ്റ് ഇനത്തിൽ, പ്രോജക്ട് 47/25 പ്രകാരം 1848 രൂപ (ബിൽ നം. 125/05.08.2024) നൽകിയിട്ടുണ്ട്. പ്രോജക്ട് 138/25 പ്രകാരവും 2024 ഫെബ്രുവരി മാസത്തെ ഓപ്പറേഷണൽ കോസ്റ്റ് ഇനത്തിൽ 1848 രൂപ (ബിൽ നം. 22/16.05.2024) നൽകിയിട്ടുണ്ട്. ഇപ്രകാരം 2024 ഫെബ്രുവരി മാസത്തെ ഓപ്പറേഷണൽ കോസ്റ്റ് ഇനത്തിൽ ഇമേജ് എന്ന സ്ഥാപനത്തിന് 2 തവണ തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (33/19.08.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ ₹1848 യുടെ ചെലവ് നിരാകരിക്കുന്നു.

**1-27 കുടുംബാരോഗ്യ കേന്ദ്രം മെയിൻ സെന്ററിന് സബ് സെന്റർ നിർമ്മാണം - വിനിയോഗ വിവരം ലഭ്യമല്ല ₹ 2775000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 352/25, ഹെൽത്ത് ഗ്രാന്റ് -കതിരൂർ കുടുംബാരോഗ്യ കേന്ദ്രം മെയിൻ സെന്ററിന് സബ് സെന്റർ നിർമ്മാണം |
| അടങ്കൽ | ₹ 2775000 (ഹെൽത്ത് ഗ്രാന്റ് ) |
| ചെലവ് | ₹2775000 ബിൽ നമ്പർ-613/25-3—2025 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-1-2025 ലെ സ.ഉ (സാധാ.) നമ്പർ 295/2025 ഉത്തരവിന്റെയും പ്രിൻസിപ്പൽ ഡയറക്ടറുടെ 24-2-2025 തീയതിയിലെ LSGD/PD/18639/2023 -DPLA1 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ ഹെൽത്ത് ഗ്രാന്റ് സ്കീം -1ൽ ലഭ്യമായ 2775000 രൂപ കതിരൂർ കുടുംബാരോഗ്യ കേന്ദ്രം മെയിൻ സെന്ററിന് സബ് സെന്റർ നിർമ്മാണം എന്ന പ്രവൃത്തിക്ക് ഡെപ്പോസിറ്റ് വർക്കായി NHMന് കൈമാറി പ്രവൃത്തി പൂർത്തികരിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആയതിനായി മേൽ ബിൽ പ്രകാരം ₹2775000 എൻ എച്ച് എം മിന് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം. വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42/19-8-2025) ലഭ്യമാക്കിയ മറുപടിയിൽ NHM ഓഫീസിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കുള്ള ഏജൻസി സെലക്ഷൻ നടന്നുവരികയാണ് എന്നും ആയത് പൂർത്തീകരിക്കുന്ന മുറക്ക് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്തതിനാൽ ₹2775000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

**1-28 ആരോഗ്യ ഗ്രാമം സാന്ത്വന പരിചരണം -ഉപകരണങ്ങൾ ലഭ്യമായില്ല - ₹28,641 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു - ഫോൺ അലവൻസ് അധികം തുക നൽകി - 200 രൂപ നിരാകരിക്കുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| പ്രോജക്ട് നമ്പർ/ പേര് | 2/25, ആരോഗ്യ ഗ്രാമം സാന്ത്വന പരിചരണം |
| അടങ്കൽ | ₹7,00,000 വികസന ഫണ്ട് പൊതുവിഭാഗം<br>₹3,00,000 ജില്ലാ പഞ്ചായത്ത് വിഹിതം |

| | |
|---|---|
| | ₹2,20,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹2,77,540 തനത് ഫണ്ട്<br>ആകെ ₹ 14,97,540 |
| ചെലവ് | ₹7,00,000 വികസന ഫണ്ട് പൊതുവിഭാഗം<br>₹3,00,000 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹2,00,562 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹2,74,099 തനത് ഫണ്ട്<br>ആകെ ₹ 14,74,661 |

കതിരൂർ ഗ്രാമപഞ്ചായത്തിലെ കിടപ്പിലായ രോഗികൾക്ക് ആവശ്യമായ പരിചരണങ്ങളും, മരുന്നുകളും ഉപകരണങ്ങളും നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. പദ്ധതിയുടെ ഭാഗമായി Airbed, Commode Chair, Walker എന്നിവ വാങ്ങുന്നതിലേക്കായി ബിൽ നം.491/15.03.2025 പ്രകാരം പ്രൊഫോർമ ഇൻവോയിസ് PRF 3999/04.03.2025 ന്റെ അടിസ്ഥാനത്തിൽ ₹28,641 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

2. പാലിയേറ്റിവ് നഴ്സ് ആയ ശ്രീഷ്മ.സി എന്നവർക്ക് സെപ്റ്റംബർ മാസത്തെ ഫോൺ അലവൻസ് ഇനത്തിൽ BRN 24220352009900733322/03.10.2024 പ്രകാരവും, ബിൽ നം. 362/22.01.2025 പ്രകാരവും 200/- രൂപ വീതം (ആകെ – 400 രൂപ) അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം സെപ്റ്റംബർ മാസത്തെ ഫോൺ അലവൻസ് 2 തവണ നൽകിട്ടുണ്ട്.
മേൽ അപാകങ്ങൾ സംബന്ധിച്ച് 22/18.08.2025 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടിയായി, ഉപകരണങ്ങൾ ലഭ്യമായിട്ടില്ലെന്നും, ഫോൺ അലവൻസ് ഇനത്തിൽ അധികം നൽകിയ 200 രൂപ 2025 ആഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും കുറവു വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ ₹28,641 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫോൺ അലവൻസ് ഇനത്തിൽ അധികം നൽകിയ 200 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് തിരിച്ചടക്കുകയോ തുടർന്നുള്ള ഫോൺ അലവൻസ് ഇനത്തിൽ ക്രമീകരിക്കുകയോ ചെയ്ത് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-29 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ – ഉപകരണങ്ങൾ ലഭ്യമായിട്ടില്ല – 76,718 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |
| പ്രോജക്ട് നമ്പർ/പേര് | 7/25, ആരോഗ്യ ഗ്രാമം – കതിരൂർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| അടങ്കൽ | ₹7,00,000 മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | ₹7,00,000 |

കതിരൂർ കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി തയ്യാറാക്കിയതാണ് ഈ പദ്ധതി. പദ്ധതിയുടെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി ബിൽ നം. 364/22.01.2025 പ്രകാരം ₹1,99,406 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് (പ്രൊഫോർമ ഇൻവോയിസ് PRF 3074/20.01.2025). ആയതിൽ 122688 രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 76,718 രൂപയുടെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 23/18.08.2025) മറുപടിയായി 76718 രൂപയുടെ ഉപകരങ്ങൾ ലഭിക്കാൻ ബാക്കിയുള്ളതായി അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാകാത്തതിനാൽ 76,718 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-30 ആരോഗ്യ ഗ്രാമം സാന്ത്വന പരിചരണം (സ്പിൽ ഓവർ)– മരുന്നുകൾ ലഭ്യമായിട്ടില്ല – ₹83,898 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. |

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 134/25, ആരോഗ്യ ഗ്രാമം സാന്ത്വന പരിചരണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹1,35,119 വികസന ഫണ്ട് പൊതുവിഭാഗം<br>₹73,147 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹1,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ ₹ 3,08,266 |
| ചെലവ് | ₹1,35,119 വികസന ഫണ്ട് പൊതുവിഭാഗം<br>₹83,898 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>ആകെ ₹2,19,017 |

കതിരൂർ ഗ്രാമപഞ്ചായത്തിലെ കിടപ്പിലായ രോഗികൾക്ക് ആവശ്യമായ പരിചരണങ്ങളും, മരുന്നുകളും ഉപകരണങ്ങളും നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. സാന്ത്വന പരിചരണം പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിലേക്കായി പ്രൊഫോർമ ഇൻവോയിസ് PRF 3934/09.02.2024 ന്റെ അടിസ്ഥാനത്തിൽ ₹83,898 (BRN – 24220352009900248165/ 07.06.2024) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 25/18.08.2025) മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹83,898 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ഹോമിയോ ഡിസ്പെൻസറികൾക്ക് മരുന്നുവാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാകാത്തതിനാൽ ₹2,48,140 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

കതിരൂർ ഗ്രാമപഞ്ചായത്ത് NRHM ഹോമിയോ ഡിസ്പൻസറിയിലേക്കും സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലേക്കും മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ് ചുവടെ കൊടുക്കുന്ന പ്രോജക്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 123/25, ആരോഗ്യഗ്രാമം-NRHM ഹോമിയോ ഡിസ്പൻസറി ഡിസ്പെൻസറിക്കും സർക്കാർഹോമിയോ ഡിസ്പൻസറിക്കും മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,50,000 (മെയിന്റനൻസ്ഫണ്ട് - റോഡിതരം) |
| ചെലവ്/ബിൽ നമ്പർ തീയതി | ₹3,50,000,<br>309/3.01.2025 |

മേൽ ബിൽ പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്(ഹോംകോ) മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 250000 രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രഫോർമ ഇൻവോയ്സ് നം. PF -973/26.11.2024 (₹1,50,000), PF-1185/28.11.2024 (₹2,00,000) പ്രകാരം പർച്ചേസ് ഓർഡർ നടത്തിയ മരുന്നുകകളിൽ ₹1,01,860 രൂപയുള്ള (ടാക്സ് ഇൻ വോയ്സ് നം. LF-2949/15.03.2025) മരുന്നുകൾ ലഭ്യമായ രേഖകളും സ്റ്റോക്കിലെടുത്ത രേഖകളും മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ, ബാക്കി തുകയുള്ള (₹2,48,140) മരുന്നുകൾ ഇതുവരെ ലഭ്യമാക്കിയിട്ടില്ല എന്നാണറിയിച്ചത്. ആയതിനാൽ ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ ₹2,48,140 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 ജല സമൃദ്ധഗ്രാമം- ചാലപ്പുഴ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം - രണ്ടാം ഘട്ടം ₹1376664 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ / | 345/25, ജല സമൃദ്ധഗ്രാമം- ചടാലപ്പുഴ ട്രീറ്റ്മെന്റ് പ്ലാന്റ് |

| | |
|---|---|
| പേര് | നിർമ്മാണം- രണ്ടാം ഘട്ടം |
| അടങ്കൽ | ₹13766674 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | ₹1376664 ബിൽ നമ്പർ :586/23-3-2025 |

ഗ്രാമപഞ്ചായത്തിലെ ചടാലപ്പുഴ കടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് രണ്ടാം ഘട്ടം എന്നതിൽ ടി പുഴയിലെ വെള്ളത്തിൽ ഇരുമ്പിന്റെ അംശം കൂടുതലായതിനാൽ ആയത് ശുദ്ധീകരിച്ച് മാറ്റുന്നതിന് മറ്റൊരു ചെറിയടാങ്ക് കൂടി ആവശ്യമായതിനാൽ ജലനിധി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 50000 ലിറ്റർ ശേഷി ഉള്ള ടാങ്ക് ആവശ്യമാണ് എന്നും ആയതിന് ജലനിധിയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പ്രകാരം 16 ലക്ഷം രൂപ ആവശ്യമാണ് എന്നറിയിച്ചതിനാൽ ജലനിധിയുടെ എസ്റ്റിമേറ്റ് തുകയായ 16 ലക്ഷം രൂപയിൽ ₹1376664 രൂപ ഭരണസമിതിയുടെ തീരുമാനത്തിന്റെ (1-3-2025 ലെ 68/25 തീരുമാനം) അടിസ്ഥാനത്തിൽ ₹1376664 കേരള ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസിയുടെ റീജിയണൺ പ്രൊജക്ട് മാനേജർക്ക് ഈ വർഷം നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തിയിരുന്നില്ല എന്നും ആയതിനാൽ 13.78% സെന്റേജ് ചാർജ്ജ് കൂടി ഉൾപ്പെടുത്തി 220480 രൂപ കൂടി അനുവദിക്കാനും ആയതിന് ഭരണസമിതി തീരുമാനം ഉണ്ടാകണമെന്ന് ജലനിധിയുടെ 27-3-2025 ലെ KRWSA-KNR/51/2023-TA കത്തിൽ അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സംബന്ധിച്ച വിവരം, ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്ന പ്രവൃത്തിയുടെ നിലവിലെ വിവരം, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം, ബാക്കി തുക നൽകിയതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 40/19-8-2025) ലഭ്യമാക്കിയ മറുപടിയിൽ ജലനിധി വീണ്ടും എസ്റ്റിമേറ്റ് 20 ലക്ഷം രൂപയാകുമെന്ന് അറിയിച്ചതിനെ തുടർന്ന് സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തി നൽകിയ പുതുക്കിയ എസ്റ്റിമേറ്റിൽ വ്യത്യാസം കണ്ടെത്തിയതിനാൽ ജലനിധിയുമായി ബന്ധപ്പെട്ടപ്പോൾ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് മുമ്പ് പ്രൈസ് സോഫ്റ്റ് വെയറിൽ വന്ന മാറ്റവും സെന്റേജ് ചാർജ്ജ് ഉൾപ്പെടുത്തേണ്ടി വന്നതും പ്രവൃത്തി ആരംഭിച്ചതിന്റെ ഭാഗമായി സ്ഥലലഭ്യതയിൽ വന്ന മാറ്റവുമാണ് എസ്റ്റിമേറ്റിൽ വ്യത്യാസം വന്നത് എന്ന് ജലനിധി അറിയിച്ചിരുന്നു. ആയത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 10-7-2025 ലെ 212/5 നമ്പർ തീരുമാന പ്രകാരം ജലനിധി അവസാനമായി നൽകിയ 20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണസമിതി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ലാത്തതിനാൽ ₹1376664 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം ,വയോലിറ്റിൽ തീയേറ്റർ പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിവരം ലഭ്യമല്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 244/24, സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം – വയോലിറ്റിൽ തീയേറ്റർ |
| അടങ്കൽ | ₹236810 വികസന ഫണ്ട് (പൊതു വിഭാഗം) |
| ചെലവ് | ₹235751 വികസന ഫണ്ട് (പൊതു വിഭാഗം) |
| ബിൽ നമ്പർ ,തീയതി ,തുക | 558 /21-3-2025 ₹235751 |

സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം – വയോലിറ്റിൽ തീയേറ്റർ എന്നപദ്ധതിയിൽ പകൽ വീടുകളിൽ ലിറ്റിൽ തീയേറ്റർ സെറ്റ് ചെയ്യുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ആയതിനായി മേൽ ബിൽ പ്രകാരം ആര്യ ഇൻഫോടെക് എന്ന സ്ഥാപനത്തിൽ നിന്നും ഇന്റർ ആക്ടീവ് പാനൽ, വൺ സീറ്റർ സോഫ-23 എണ്ണം, വിൻഡോസ് കർട്ടൺ, ജിപ്സം ബോർഡ് ഫോർ വിൻഡോസ് എന്നിവ 215784 രൂപക്കും ഇ-വേൾഡ് കമ്പ്യൂട്ടർടെക് എന്ന സ്ഥാപനത്തിൽ നിന്നും Ahuja 6CH Amplifier-1, Ahuja 2 Way Speaker എന്നിവ 19967 രൂപക്കും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) വയോലിറ്റിൽ തീയേറ്ററിന്റെ പരിപാലനം, സൂക്ഷിപ്പ് എന്നിവ ഉറപ്പാക്കിയതിന്റെ രേഖകൾ ലഭ്യമല്ല.

2) പതിനാലാം പഞ്ചവത്സര പദ്ധതി ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ 84/22 ത സ്വഭ വ തീയതി 19-4-2022) യിലെ ഖ 6.5 ൽ സംസ്ഥാന സർക്കാരിന്റെ വയോജനനയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുയോജ്യമായ പ്രൊജക്ടുകളാണ് വയോജനക്ഷേമത്തിന് വേണ്ടി ഏറ്റെടുക്കേണ്ടത് എന്നും വയോജനങ്ങൾക്ക് ശാരീരിക മാനസിക സാംസ്കാരിക പിന്തുണ സംവിധാനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്ന പ്രൊജക്ടുകൾക്ക് മുൻഗണന നൽകണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വയോലിറ്റിൽ തീയേറ്റർ സ്ഥാപിക്കുന്നതിലൂടെ മേൽ ലക്ഷ്യങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല

3) മേൽ ഉത്തരവിന്റെ ഖ 6.5 (4)ൽ വിനോദ കേന്ദ്രം ഉൾപ്പെടെയുള്ള വയോജന സൗഹൃദ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിനോദ കേന്ദ്രങ്ങൾ എന്ന നിലയിൽ ആണ് പദ്ധതി രൂപീകരിച്ച് നടപ്പാക്കിയത് എങ്കിൽ ആയത് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ എന്നത്

സംബന്ധിച്ചും ഗ്രാമ പഞ്ചായത്തിലെ വയോജനങ്ങൾക്ക് ഉപയുക്തമാണോ എന്നത് സംബന്ധിച്ചുമുള്ള റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/18-8-2025) മറുപടിയിൽ സ്റ്റോക്ക് രജിസ്റ്റർ, സാധനങ്ങൾ, കുണ്ടുചിറ വയോജന വിശ്രമ കേന്ദ്രത്തിന് കൈമാറിയതിന്റെ രേഖകൾ, കെയർടേക്കർ കൈപ്പറ്റിയതിന്റെ രേഖകൾ, ഇൻസ്റ്റാൾ ചെയ്തതായുള്ള സ്ഥാപനത്തിന്റെ റിപ്പോർട്ട്, ഫോട്ടോ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. വയോജനങ്ങൾ ആഴ്ചയിൽ ഒരു ദിവസം സിനിമ പ്രദർശിപ്പിച്ച് നൽകാറുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്. എൻക്വയറിയിലെ മറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല തീയേറ്ററിനായി വാങ്ങിച്ച സാധനങ്ങൾ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതും പരിപാലനം ഉറപ്പ് വരുത്തേണ്ടതും വയോജന വിശ്രമ വിനോദ കേന്ദ്രം എന്നനിലയിൽ തീയേറ്ററിന്റെ പ്രവർത്തനം ഗ്രാമ പഞ്ചായത്തിലെ എത്ര വയോജനങ്ങൾക്ക് ഉപയോഗപ്രദമാണ് എന്നതിന്റെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-34 സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം ,എ ബി സി പ്രോഗ്രാമിന് വിഹിതം കൈമാറൽ - വിനിയോഗ വിവരം ലഭ്യമല്ല - ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 62/25, സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം, എ ബി സി പ്രോഗ്രാം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ |
| അടങ്കൽ | ₹100000 വികസന ഫണ്ട് |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹100000, 97/11-7-2024 |

സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം, എ ബി സി പ്രോഗ്രാമിന് വിഹിതം കൈമാറൽ എന്ന പദ്ധതിയിൽ ₹100000 ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 37/19-8-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹100000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-35 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തിയായിട്ടില്ല

ലൈഫ് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ, ലൈഫ് ഭവന പദ്ധതി-ജനറൽ, ലൈഫ് ഭവന പദ്ധതി-പട്ടികജാതി വിഭാഗം എന്നീ ഭവനനിർമ്മാണ പ്രോജക്ടുകളുടെ ഭാഗമായി 2022-23 വർഷത്തിൽ ആദ്യ ഗഡു തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയിട്ടും നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡുവായി നൽകിയ തുക (₹), തീയതി | നാളിതു വരെ കൈപ്പറ്റിയ ആകെ തുക |
|---|---|---|
| പ്രേമ.സി. (ലൈഫ് ഭവന പദ്ധതി - പട്ടികജാതി വിഭാഗം) | 40000/28.03.2023 | 3,40,000 |
| സമീറ.സി.ടി (ലൈഫ് ഭവന പദ്ധതി- ജനറൽ) | 40000/13.12.2022 | 40,000 |
| സതി.കെ.വി (ലൈഫ് ഭവന പദ്ധതി- ജനറൽ) | 40000/14.01.2023 | 3,00,000 |

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( 13/14.08.2025) നൽകിയതിന് മറുപടിയായി, സതി.കെ.വി എന്ന ഗുണഭോക്താവിന്റെ വീടിന്റെ അവസാന ഘട്ട പ്രവൃത്തികൾ നടന്ന് വരികയാണെന്നും, പ്രേമ.സി എന്ന ഗുണഭോക്താവിന്റെ വീടിന്റെ ലിന്റൽ വരെ നിർമ്മാണം പൂർത്തിയായതായും, സമീറ.സി.ടി എന്ന ഗുണഭോക്താവ് എഗ്രിമെന്റ് വെച്ചെങ്കിലും നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുവാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/ LSGD തീ. 31.8.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

കതിരൂർ ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ 2025-26 വരെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്നു.

| ഗ്രാന്റ് വർഷം | അലോട്ട്മെന്റ് | | | |
|---|---|---|---|---|
| | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ |
| 2021-22 | - | 293019 | 160000 | 453019 |
| 2022-23 | 2775000 | 1021000 | 422000 | 4218000 |
| 2023-24 | - | 427000 | 671000 | 1098000 |

**ഹെൽത്ത് ഗ്രാന്റ് - ഏറ്റെടുത്ത പദ്ധതികൾ**

ഹെൽത്ത് ഗ്രാന്റ് ചെലവഴിക്കുന്നതിനായി ഏറ്റെടുത്ത പദ്ധതികളുടെ വിവരം വിവരം താഴെ ചേർക്കുന്നു

| ഗ്രാന്റ് വർഷം | പദ്ധതിയുടെ പേര് | അലോട്ട്മെന്റ് | ചെലവുവിവരം | | | ആകെ | ബാക്കി |
|---|---|---|---|---|---|---|---|
| | | | 2022-23 | 2023-24 | 2024-25 | | |
| 2021-22 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യം ഏർപ്പെടുത്തൽ (247/23, 151/24) | 293019 (സ്കീം 3) | 210003 | 83016 | - | 293019 | - |
| 2021-22 | ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളാക്കി ഉയർത്തൽ (248/23, 150/24) | 160000 (സ്കീം 4) | 66681 | 93319 | - | 160000 | - |
| 2022-23 | ആരോഗ്യ | 1021000 | - | 1021000 | - | 1021000 | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (223/24) | (സ്കീം 3) | | | | | |
| 2022-23 | ആരോഗ്യ ഉപകേന്ദ്രങ്ങളെ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകളാക്കി ഉയർത്തൽ(224/24) | 422000 (സ്കീം 4) | - | 422000 | - | 422000 | - |
| 2022-23 | മെയിൻ സെന്ററിന് സബ് സെന്റർ നിർമ്മാണം(352/25) | 2775000 (സ്കീം 1) | - | - | 2775000 | 2775000 | - |

2023-24 വർഷത്തെ ഗ്രാന്റ് ഇനത്തിൽ സ്കീം 3 ൽ ഉൾപ്പെടുത്തി 427000 രൂപയും സ്കീം 4ൽ ഉൾപ്പെടുത്തി 671000 രൂപയും ഉൾപ്പെടെ 1098000 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഗ്രാന്റ് ഇതുവരെ ചെലവഴിച്ചിട്ടില്ല.

**ഹെൽത്ത് ഗ്രാന്റ് നീക്കിയിരിപ്പ് വിവരം**

ബാലൻസ് ഷീറ്റ് (B4 ഷെഡ്യൂൾ) പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ) ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | വരവ് (പലിശയുൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെട്ടിട നിർമ്മാണം (സ്കീം 1 – A/C No. – 110043427970) | 28,05,500 | 95,097 (പലിശ) | 29,00,597 | 27,75,000 | 1,25,597 |
| ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (സ്കീം 3 – A/C No. – 110043427599 ) | 22,870 | 4,31,532 | 4,54,402 | - | 4,54,402 |
| കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ (സ്കീം 4 –A/C No. – 110043377628 ) | 11,816 | 6,73,648 | 6,85,464 | - | 6,85,464 |
| ആകെ | | | | | 12,65,463 |

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ബി പി അപ്പാരറ്റസ്, സ്റ്റെതസ്കോപ്പ്, അലമാര, കസേര, ടേബിൾ, എ.സി, ബയോകെമിസ്ട്രി അനലൈസർ, പ്രിന്റർ, യു.പി.എസ്, കമ്പ്യൂട്ടർ എന്നീ ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്.

ആതുര സേവനരംഗത്ത് ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാനസൗകര്യവികസനത്തിനുമായി ആരോഗ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗിക്കാത്ത പക്ഷം ആയത് ലാപ്സായി പോകുന്നതാണ്. ആയതിനാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ തുക കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-37 ജൽജീവൻ മിഷൻ

എല്ലാ ഗ്രാമീണ വീടുകളിലും 2024-ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര, സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം -15%

ഗുണഭോക്തൃവിഹിതം -10%

പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിലുള്ള കുടിവെള്ളപദ്ധതികളിൽ നിന്നും സാധ്യമായ പരമാവധി കണക്ഷനുകൾ നൽകുന്നതിനും രണ്ടാംഘട്ടത്തിൽ നിലവിലുള്ള പദ്ധതിയുടെ വിപുലീകരണത്തിലൂടെ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമാണ് മുൻഗണന നൽകിയിട്ടുള്ളത്. ജലവിഭവ (ജലവിതരണ സി) വകുപ്പിന്റെ നം.37/2020/തീ.8.6.2020 ഉത്തരവ് പ്രകാരം 5 വർഷത്തേക്കുള്ള പദ്ധതിക്ക് സംയുക്തഭരണാനുമതി നൽകുകയും നിർവഹണസംവിധാനം അംഗീകരിച്ചുകൊണ്ട് സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

**കതിരൂർ ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ**

23-07-2020 തീയ്യതിയിലെ 2/136/2020 നമ്പർ തീരുമാന പ്രകാരം ജലജീവൻ മിഷൻ പദ്ധതിയിൽ ഭാഗഭാക്കാകുവാൻ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിരുന്നുവെങ്കിലും പദ്ധതി പ്രവർത്തനങ്ങൾ ഇതേ വരെ ആരംഭിച്ചിട്ടില്ല.

കേരള ജല അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കതിരൂർ ഗ്രാമ പഞ്ചായത്തിലെ എസ്റ്റിമേറ്റ് കോസ്റ്റ് 1092.09 ലക്ഷം രൂപയാണ്. ഇതിൽ പഞ്ചായത്ത് വിഹിതം 163.81 ലക്ഷം രൂപയും. ഗുണഭോക്തൃ വിഹിതം 109.21 ലക്ഷം രൂപയുമാണ്. 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്ഥാപനവിഹിതമായോ ഗുണഭോക്തൃവിഹിതമായോ തുകകളൊന്നും പിരിച്ചെടുക്കുകയോ ജല അതോറിറ്റിക്ക് കൈമാറുകയോ ചെയ്തിട്ടില്ല.

നിർവഹണ സഹായ ഏജൻസിയായ കുടുംബശ്രീ സി.ഡി.എസ്., കതിരൂർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, കേരള ജല അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ (വാട്ടർ സപ്ലൈ ഡിവിഷൻ, കണ്ണൂർ) എന്നിവർ ചേർന്ന് 31-01-2022 തീയ്യതിയിൽ ത്രികക്ഷി കരാറിൽ ഒപ്പു വച്ചിട്ടുണ്ട്. മതിയായ ഫണ്ട് ഇല്ലാത്തതിനാൽ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. എന്നാൽ ഈ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റി സ്വന്തം നിലയിൽ പദ്ധതി നടപ്പിലാക്കുകയും നിലവിൽ ഇതേവരെയായി പദ്ധതി പ്രകാരം 5311 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല. ജൽജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം-ഒടുക്ക് സംബന്ധിച്ച പരിശോധന

**എ) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)**

**(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)**

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 21 | 125000 | 125000 | 0 | ജീവനക്കാരുടെ സ്ഥലം മാറ്റം കാരണം 2024 നവംബർ |

| | | | | |
|---|---|---|---|---|
| | | | | ,ഡിസംബർ മാസങ്ങളിൽ 20ജീവനക്കാരുടെ പ്രീമിയം മാത്രമേ ഒടുക്കേണ്ടി വന്നിട്ടുള്ളൂ |

**ബി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.20204 മുതൽ 30.06.2024 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | **മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | **മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക** | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 0 | 0 | 0 | 0 | 0 | 0 |

**സി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)**

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | | | | |

**ഡി) 01.08.2024 മുതൽ 31.03.2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ**

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | **മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | **മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക** | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 13-08-2025, 14-08-2025 | കെ.എസ്.എ/കെ.എൻ.ആർ/ |

| | | സി.11/1413/2025 തീയതി: 13.11.2025 |
|---|---|---|

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| വിഹിതംനൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര്/ നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2024-25 | 34000 | ശുചിത്വവും ഹരിതാഭവുമായ ഗ്രാമം-നെൽകൃഷിക്ക് വിത്ത് കൂലി ചെലവ് സബ്സിഡി(25/25) | 34000 | 0 |
| | 2024-25 | 300000 | ആരോഗ്യ ഗ്രാമം സാന്ത്വന പരിചരണം(2/25) | 300000 | 0 |
| | 2024-25 | 150000 | സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(148/25) | 150000 | 0 |
| | 2024-25 | 177160 | സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(131/25) | 177160 | 0 |
| | 2024-25 | 1060000 | ദാരിദ്ര്യരാഹിത്യവും ഉയർന്ന ഉപജീവനമുള്ളതുമായ ഗ്രാമം-ലൈഫ് ഭൂമി വാങ്ങലും ഭവനനിർമ്മാണവും(11/25) | 1060000 | 0 |
| | 2024-25 | 200000 | ദാരിദ്ര്യ രഹിതവും ഉയർന്ന ഉപജീവനമാർഗ്ഗമുള്ളതുമായ ഗ്രാമം- ഭവനനിർമ്മാണം-ട്രാൻസ് ജെന്റർ വിഭാഗം(190/25) | 200000 | 0 |
| | 2024-25 | 10000 | ദാരിദ്ര്യ രഹിതവും ഉയർന്ന ഉപജീവനമാർഗ്ഗമുള്ളതുമായ ഗ്രാമം- ഭവനനിർമ്മാണം-പാലിന് ഇൻസെന്റീവ്(9/25) | 10000 | 0 |
| **ആകെ** | | **1931160** | | **1931160** | **0** |
| കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 83898 | ആരോഗ്യഗ്രാമം -സാന്ത്വന പരിചരണം(134/25) | 83898 | |
| | 2024-25 | 200562 | ആരോഗ്യഗ്രാമം-സാന്ത്വന പരിചരണം(2/25) | 200562 | 0 |
| | 2024-25 | 250000 | ശുചിത്വവും ഹരിതാഭവുമായ ഗ്രാമം-ഗാർഹിക റിംഗ് കമ്പോസ്റ്റ്(72/25) | 250000 | 0 |
| | 2024-25 | 428158 | ശുചിത്വവും ഹരിതാഭവുമായ ഗ്രാമം-ഗാർഹിക റിംഗ് കമ്പോസ്റ്റ്(196/25) | 428158 | 0 |
| | 2024-25 | 300000 | ദാരിദ്ര്യ രഹിതവും ഉയർന്ന ഉപജീവനമാർഗ്ഗമുള്ളതുമായ ഗ്രാമം- ഭവനനിർമ്മാണം- | 300000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | പാലിന് ഇൻസെന്റീവ്(9/25)സാമൂഹ്യ സുരക്ഷിതത്വ ഗ്രാമം-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദാരിദ്ര്യ രഹിതവും ഉയർന്ന ഉപജീവനമാർഗ്ഗമുള്ളതുമായ ഗ്രാമം- ഭവനനിർമ്മാണം- ട്രാൻസ് ജെന്റർ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(131/25) | | |
| | | 2024-25 | 1495385 | ദാരിദ്ര്യരാഹിത്യവും ഉയർന്ന ഉപജീവനമുള്ളതുമായ ഗ്രാമം- ലൈഫ് ഭൂമി വാങ്ങലും ഭവനനിർമ്മാണവും(11/25) | 1495385 | 0 |
| | | 2024-25 | 100000 | ദാരിദ്ര്യരാഹിത്യവും ഉയർന്ന ഉപജീവനമുള്ളതുമായ ഗ്രാമം- അതിദരിദ്രർക്ക് ലൈഫ് ഭൂമി വാങ്ങലും ഭവനനിർമ്മാണവും(12/25) | 100000 | 0 |
| | | 2024-25 | 100000 | ദാരിദ്ര്യരാഹിത്യവും ഉയർന്ന ഉപജീവനമുള്ളതുമായ ഗ്രാമം- അതിദാരിദ്ര്യം ഭവനപുനരുദ്ധാരണം(193/25) | 100000 | |
| | | | 100000 | ദാരിദ്ര്യ രഹിതവും ഉയർന്ന ഉപജീവനമാർഗ്ഗമുള്ളതുമായ ഗ്രാമം- ഭവനനിർമ്മാണം- ട്രാൻസ് ജെന്റർ വിഭാഗം | 100000 | |
| | | | 150000 | ദാരിദ്ര്യ രഹിതവും ഉയർന്ന ഉപജീവനമാർഗ്ഗമുള്ളതുമായ ഗ്രാമം- ഭവനനിർമ്മാണം- പാലിന് ഇൻസെന്റീവ്(9/25) | 150000 | |
| | **ആകെ** | | **3208003** | | **3208003** | **0** |

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-6 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ₹684920 വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | തുക | | | | തുക |
|---|---|---|---|---|---|---|---|
| ലൈഫ് മിഷൻ ഭവന പദ്ധതി HUDCO | ലഭ്യമല്ല | 3500000 | 3476742 | 817899 | 318701 (Go.പ്രൊജക്ട് പ്രകാരം കുറവ് ചെയ്തു) | 0 | 3975940 |

പലിശയിനത്തിൽ ലഭിച്ച ₹137697 വരവായും ബാങ്ക് ചാർജ്ജായ ₹1153 ചെലവായും ഉൾപ്പെടുത്തിയാണ് വാർഷിക ധനകാര്യപത്രിക ബി-5 ഷെഡ്യൂളിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയായി ₹3975940 രേഖപ്പെടുത്തിയിട്ടുള്ളത്.

## 4-7 സ്ഥിരനിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല. വാർഷികക്കണക്ക് RP 30 ഷെഡ്യൂളിൽ കാണിച്ച ₹11420 ഓഡിറ്റ് സമയത്ത് ഒടുക്കിയ തുകയാണ്.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2000-01 | 3-7 | 2003-04 | 03.13.17 | മറ്റ് പരാമർശങ്ങൾ | പരാമർശം നിലനിൽക്കുന്നു |
| 2006-07 | അവലോകനം | 2009-10 | 2-3 | ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നില്ല. പൊതു അവലോകനം | പരാമർശം നിലനിൽക്കുന്നു |
| 2014-15,<br>2015-16 | 2-3, 2-4<br>2-3 | 2016-17 | ഖ.2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |
| 2019-20 | 1-32<br>1-34<br>1-35 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീ സർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളിലെ ഓഡിറ്റ് നിരീക്ഷണ ങ്ങൾ | പരാമർശം നിലനിൽക്കുന്നു. |

## 4-10 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ. സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 70460333 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 64634340 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 2048 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 8005035 |

**ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 1-26 | - | ₹1848 | ഡോ. വിനീത ജനാർദ്ദനൻ, മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.) |
| 1-28 | - | ₹200 | |

**സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക₹ | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-18 | 388500 | ശ്രീമതി സുനിത കെ, സെക്രട്ടറി |
| 1-19 | 449564 | ശ്രീമതി മഞ്ജുഷ പി.എൻ., സെക്രട്ടറി |
| 1-21 | 50000 | ശ്രീമതി ഷീജ പി.ആർ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-22 | 2302500 | ശ്രീമതി മഞ്ജുഷ പി.എൻ., സെക്രട്ടറി |
| 1-24 | 90300 | ശ്രീമതി ശ്രീജ കെ., ഹെഡ്മാസ്റ്റർ |
| 1-25 | 35100 | ശ്രീമതി ശ്രീജ കെ., ഹെഡ്മാസ്റ്റർ |
| 1-27 | 2775000 | ശ്രീമതി മഞ്ജുഷ പി.എൻ., സെക്രട്ടറി |
| 1-28 | 28641 | ഡോ. വിനീത ജനാർദ്ദനൻ, മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.) |
| 1-29 | 76718 | ഡോ. വിനീത ജനാർദ്ദനൻ, മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.) |
| 1-30 | 83898 | ഡോ. വിനീത ജനാർദ്ദനൻ, മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി.) |
| 1-31 | 248140 | ഡോ. ഷിംന കെ., മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-32 | 1376674 | ശ്രീമതി മഞ്ജുഷ പി.എൻ, സെക്രട്ടറി |
| 1-34 | 100000 | ശ്രീമതി സുനിത കെ, സെക്രട്ടറി |
| ആകെ | 8005035 | |

**ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം**

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുനിത കെ, സെക്രട്ടറി | സെക്രട്ടറി, താന്നിയം ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ | വടമന വീട്<br>പി ഒ വെളുത്തൂർ<br>തൃശ്ശൂർ |
| ശ്രീമതി മഞ്ജുഷ പി.എൻ, സെക്രട്ടറി | സെക്രട്ടറി, കതിരൂർ ഗ്രാമ പഞ്ചായത്ത് | ശ്രീലകം<br>നരവൂർ,<br>പി ഒ കൂത്തുപറമ്പ് |
| ഡോ. വിനീത ജനാർദ്ദനൻ, മെഡിക്കൽ ഓഫീസർ (എഫ്.എച്.സി.) | മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെൻറർ , കതിരൂർ | അഞ്ജലി,<br>ഏഴാം മൈൽ<br>കോട്ടയംപൊയിൽ പി ഒ |
| ഡോ. ഷിംന കെ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി, കതിരൂർ | നന്ദനം, കൊട്ടാരത്തുംപാറ, അഴീക്കോട് പി.ഒ. |
| ശ്രീമതി ഷീജ പി.ആർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, കതിരൂർ ഗ്രാമപഞ്ചായത്ത് | തൈരടത്ത് വീട്, പുറക്കാട്ടിരി, തലക്കുളത്തൂർ പി.ഒ. |
| ശ്രീമതി ശ്രീജ കെ, ഹെഡ് മാസ്റ്റർ | ഹെഡ് മിസ്ട്രസ്സ്, ഗവ. എൽ പി സ്കൂൾ,<br>പുല്ല്യോട്, കതിരൂർ ഗ്രാമപഞ്ചായത്ത് | ശ്രീവൽസം<br>പി ഒ മേലൂർ |

## 4-12 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2011-12, 12-13 | No. KSA/KNR/C.11/803/2025 Dt. 16.07.2025 | 1 | |
| 2013-14, 2014-15 | No. KSA/KNR/C.11/803/2025 Dt. 16.07.2025 | 2 | |
| 2015-16 | No. KSA/KNR/C.11/803/2025 Dt. 16.07.2025 | 1 | |
| 2017-18 | No. KSA/KNR/C.11/803/2025 Dt. 16.07.2025 | 1 | |
| 2019-20 | No. KSA/KNR/C.11/803/2025 Dt. 16.07.2025 | 5 | |
| 2020-21 | No. KSA/KNR/C.11/803/2025 Dt. 16.07.2025 | 3 | |
| 2021-22 | No. KSA/KNR/C.11/803/2025 Dt. 16.07.2025 | 8 | |

| | | | |
|---|---|---|---|
| 2022-23 | No. KSA/KNR/C.9/205/2024 Dt. 13.02.2024 | 24 | |
| 2023-24 | No. KSA/KNR/C.11/276/2025 Dt. 4.03.2025 | 29 | |
| | ആകെ | 74 | |

ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 148/2025 dated 23-05-2025 and submitted on 27-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Kadirur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Kadirur Grama Panchayat as on 31-03-2025

**Date: 13/11/2025**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kadirur Grama Panchayat for the Year 2024-2025 .

**1.Major Observations**

Nil

**2.Other Observations**

1. Discrepancies in calculating the Gross surplus/deficit of Income Over Expenditure in Income and Expenditure Statement.
2. Cash Flow statement-Net increase/decrease in cash flow does not match with difference between opening balance

and closing balance of cash and cash equivalents.

3. Comparitive amounts for the preceding year, prescribed in 2011 kerala panchayat raj accounting rules not prepared.

4.The grant amount posted under B-17 schedule not tally with B-4 schedule.

5. Notes on account prescribed in 2011 KPR Accounting Rules not submitted for audit

6. The closing balance amount in respect of Rent Deposit not match with Annual Financial Statemet.

7. The actual closing balance in respect of ICDS not match with B 4 schedule.

8.The actual details of advance amount not reflected in Annual Financial Statement.

9. B-2 and B-17 schedule do not match.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Kadirur Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2024 to 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 26047635.00 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1590650.00 |
| 130000000 | Rental income from Panchayat Properties | RP-3 | 32000.00 |
| 140000000 | Fees & User Charges | RP-4 | 6472873.00 |
| 150000000 | Sale & Hire Charges | RP-5 | 315826.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 21635471.00 |
| 171000000 | Interest Earned | RP-9 | 239605.00 |
| 190000000 | Prior Period Income | RP-11 | 44880.00 |
| 311000000 | Earmarked Funds | RP-28 | 19364.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 21298007.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 16972164.00 |
| 460000000 | Loans, Advances and Deposits | RP-49 | 48000.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 11420.00 |
| 330000000 | Secured Loans | RP-31 | 817899.00 |
| 340000000 | Deposits Received | RP-33 | 127227.00 |
| 350000000 | Other Liabilities | RP-35 | 834947.00 |
| | **Grand total** | | **96507968.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 73980.00 |
| 311000000 | Earmarked Funds | RP-28 | 10.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 376787.00 |
| 414000000 | Annual plan - Capital Expences(Service Sector) | RP-41 | 15000.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 16426486.00 |
| 460000000 | Loans, Advances and Deposits | RP-49 | 1619830.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 1076.00 |
| 340000000 | Deposits Received | RP-33 | 42338.00 |
| 350000000 | Other Liabilities | RP-35 | 46078833.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 31873628.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 0.0 |
| | **Grand Total** | | **96507968.00** |

## അനുബന്ധം 3-2

## ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്

| Kadirur Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 10022673.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 466820.00 |
| 140000000 | Fee & User Charges | I-4 | 6409728.00 |
| 150000000 | Sale & Hire Charges | I-5 | 315826.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 177707395.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 239605.00 |
| 180000000 | Other Income | I-9 | 11420.00 |
| | **Total Income** | | **195173467.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 15081793.00 |
| 220000000 | Administrative Expenses | I-11 | 2003897.00 |
| 230000000 | Operations & Maintenance | I-12 | 1719541.00 |
| 240000000 | Interest & Finance Charges | I-13 | 76619.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8934717.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 36358990.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3999064.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 19989269.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 71970600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2092564.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 22411193.00 |
| 190000000 | Prior period Income | I-19 | 36066.00 |
| B | **Total Expenditure** | | **184638247.00** |
| C=A-B | Gross Surplus/(deficit) of income over expediture before Prior Period Items (I-19) | | 10535220 |
| | Prior Period Income I-19 | | 36066.00 |
| 290000000 | Prior period Expenses (I-18) | | 1744206.00 |
| D | Net Difference (I-19 – I18) | | 1708140.00 |
| | **Gross Surplus / Deficit of income over Expenditure** | | **12243360.00** |
| 290000000 | Transfer to Reverse Funds | | |
| | Net Balance being surplus/deficit carried over to Balance sheet (Panchayat Fund) | | |

## അനുബന്ധം 3-3

## ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| **Kadirur Grama Panchayat BALANCE SHEET** | | | |
| As on 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 47276152.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 437635.00 |
| 312000000 | Reserves | B-3 | 65934058.00 |
| | **Total Reserve & Surplus** | | **113647845.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7758354.00 |
| | **Total Grants, Contributions for Specific Purposes** | | **7758354.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3975940.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3975940.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 746931.00 |
| 341000000 | Deposits Works | B-8 | 0.0 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 2145551.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **2892482.00** |
| | **TOTAL LIABILITIES** | | **128274621.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2300882.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 6479391.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 13804635.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 156442223.00 |
| 416000000 | Accumulated Depreciation | B-11(a) | -102431421.00 |
| | **Total Fixed Assets** | | **76595710.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 168249.00 |
| 431000000 | Sundry Debtors (Receivables) | B-15 | 16510472.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 31873628.00 |
| 460000000 | Loans, Advances and Deposits | B-18 | 3126562.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **51678911.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **128274621.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.